**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4340** **18-07-2022 - ൽ മറുപടിയ്ക്ക്**

**മുറ്റത്തെ മുല്ല വായ്പ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നടപ്പിലാക്കി വരുന്ന മുറ്റത്തെ മുല്ല വായ്പ പദ്ധതി സർക്കാർ ആവിഷ്കരിച്ച പദ്ധതി ആണോ; വിശദമാക്കാമോ; | (എ) | ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധി വരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് **"മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി**.<br><br>**ഉദ്ദേശ്യ ലക്ഷ്യങ്ങൾ**<br><br>1. ബ്ലേഡ് പലിശക്കാരുടെയും, സ്വകാര്യ മൈക്രോ ഫിനാൻസ് കമ്പിനികളുടെയും സാമ്പത്തിക ചൂഷണത്തിൽ നിന്ന് സാധാരണക്കാരും പാവപ്പെട്ടവരുമായ ജനസമൂഹത്തെ മോചിപ്പിക്കുക.<br><br>2. സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപിടിക്കുകയും ഈ പ്രസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക അടിത്തറ വിപുലപ്പെടുത്തുകയും ചെയ്യുക.<br><br>3. ജനങ്ങളെ കൂടുതലായി സാമ്പത്തിക ഉൾചേർക്കലിലേക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക.<br><br>**വായ്പ രീതിയും സാമ്പത്തിക വശവും**<br><br>പദ്ധതി പ്രകാരം 1000 രൂപ മുതൽ 50,000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുക. നിലവിൽ കൊള്ള പലിശക്കാരിൽ നിന്നും എടുത്ത വായ്പ ഒറ്റത്തവണയായി അടച്ച് തീർക്കുന്നതിനും വായ്പ നൽകാവുന്നതാണ്. 9 ശതമാനം പലിശ പ്രാഥമിക കാർഷിക ബാങ്കുകൾ ഇടാക്കിയാണ് തുക |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നത്. പരമാവധി 52 ആഴ്ച കളാണ് (ഒരു വർഷം) വായ്പ തിരിച്ചടക്കേണ്ടത്. അതായത് 1000 രൂപ വായ്പ എടുത്ത ഒരാൾ 1 വർഷം കൊണ്ട് 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1120 രൂപ തിരിച്ചടക്കണം. 10 ആഴ്ചകളിൽ തിരിച്ചടവ് പൂർത്തിയാകുന്ന വായ്പകളും നൽകാവുന്നതാണ്.<br><br>**<u>വായ്പയുടെ തിരിച്ചടവ് ഉറപ്പു വരുത്തൽ</u>**<br><br>വായ്പയുടെ തിരിച്ചടവ് കുടുംബശ്രീ യൂണീറ്റുകൾ ഉറപ്പു വരുത്തേണ്ടതാണ്. ഇതിനായി കുടുംബശ്രീ യൂണീറ്റും പ്രാഥമിക കാർഷിക വായ്പ സംഘവും വായ്പക്കാരനും തമ്മിൽ ഒരു ത്രികക്ഷി സമ്മത പത്രം ഒപ്പിടുന്നു. ടി സമ്മതപത്രത്തിൽ ഒന്നാം കക്ഷി പ്രാഥമിക സഹകരണ സംഘവും രണ്ടാം കക്ഷി കുടുംബശ്രീ അംഗവും മൂന്നാം കക്ഷി വായ്പക്കാരനുമാണ്. ഏതെങ്കിലും വായ്പക്കാരൻ തിരിച്ചടവ് 3 മാസത്തിലധികം മുടക്കുന്ന പക്ഷം വായ്പക്കാരനും കുടുംബശ്രീ അംഗവും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികളായിരിക്കും. അത്തരം വായ്പക്കാരെ നേരിട്ട് പ്രാഥമിക സംഘത്തിലെ വായ്പക്കാരനായി മാറ്റി അവരിൽ നിന്നും വായ്പ തുക വസൂലാക്കുന്നതിന് സംഘത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ട്. കുടിശ്ശിക വായ്പയുടെ 20 ശതമാനത്തിൽ അധികരിക്കുന്ന സാഹചര്യം ഉണ്ടായാൽ അതിന് ഉത്തരവാദികളായ കുടുംബശ്രീ യൂണീറ്റുകളുടെ ക്യാഷ് ക്രെഡിറ്റ് വായ്പ പരിധി തുടർ വർഷങ്ങളിൽ പുതുക്കി നൽകില്ല;<br><br>വായ്പ ആവശ്യക്കാരുടെ എണ്ണം അനുസരിച്ച് ഓരോ വാർഡിലേയും ഒന്നു മുതൽ മൂന്നു വരെ കുടുംബശ്രീ യൂണീറ്റുകളിലൂടെയാണ് പദ്ധതി നടപ്പിലാക്കുക. പ്രവർത്തന മികവും വിശ്വാസവുമുള്ള കുടുംബശ്രീ യൂണീറ്റുകൾക്കാണ് വായ്പ ചുമതല നൽകുക. കുടുംബശ്രീ അംഗങ്ങൾ അവരുടെ പ്രദേശത്തെ വായ്പ ആവശ്യക്കാരുടെ വീട്ടിലെത്തി പണം നൽകും. ആഴ്ചതോറും വീടുകളിലെത്തി തിരിച്ചടവ് തുക സ്വീകരിക്കുകയും ചെയ്യും. വായ്പ നൽകുവാൻ ആവശ്യമായ സംഖ്യ കുടുംബശ്രീ യൂണീറ്റുകൾക്ക് ഒരു യൂണിറ്റിനു പരമാവധി 20 ലക്ഷം രൂപ വരെ 9 ശതമാനം പലിശ നിരക്കിൽ ക്യാഷ് ക്രെഡിറ്റ് വായ്പയായി അനുവദിക്കും. |
| (ബി) | പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചത് എവിടെയാണെന്ന് അറിയിക്കാമോ; | (ബി) | 2018 ൽ പൈലറ്റ് പദ്ധതിയായി പാലക്കാട് ജില്ലയിലാണ് “മുറ്റത്തെ മുല്ല” ആദ്യം നടപ്പിലാക്കിയത്. |
| (സി) | പ്രസ്തുത പദ്ധതി സാധാരണ ജനങ്ങൾക്ക് എത്രമാത്രം | (സി) | ഒരു കാലത്ത് ബ്ലേഡ് പലിശക്കാർ എന്ന |

| | | | |
|---|---|---|---|
| | പ്രയോജനം ചെയ്യുന്നുവെന്ന് വിശദമാക്കാമോ; | | മഹാവിപത്ത് ഗ്രാമീണ മേഖലയിൽ വരുത്തിയിരുന്ന കഷ്ടനഷ്ടങ്ങൾ വളരെവലുതായിരുന്നു. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകച്ചവടക്കാർ എന്നിങ്ങനെയുള്ള വർക്കിടയിലായിരുന്നു കൊള്ളപ്പലിശക്കാർ പ്രധാനമായും പ്രവർത്തിച്ചിരുന്നത്. സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രാസ്ഥാനം എന്ന നിലയിൽ സഹകരണ പ്രസ്ഥാനത്തിന് ഈ ആപൽഘട്ടത്തിൽ ജനങ്ങളുടെ പ്രശ്നങ്ങളോട് മുഖം തിരിക്കാനായില്ല. വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ വായ്പ എടുക്കുന്നതിന് വിമുഖത പുലർത്തുന്നവരുടേയും കൊള്ളപ്പലിശക്കാരിൽ നിന്നും വായ്പയെടുത്ത് കടക്കെണിയിലായവരുടേയും വീട്ടുമുറ്റത്ത് ചെന്ന് ലളിതമായ നടപടി ക്രമങ്ങളിലൂടെ ഏറ്റവും കുറഞ്ഞ പലിശയ്ക്ക് ലഘുവായ്പ നൽകുകയും ആഴ്ചതോറും ലഘുവായ തിരിച്ചടവിലൂടെ വായ്പതുക ഈടാക്കുകയും ചെയ്യുന്ന പദ്ധതിയാണ് മുറ്റത്തെമുല്ല വായ്പപദ്ധതി. |
| (ഡി) | പ്രസ്തുത പദ്ധതിയിലെ പലിശ നിരക്ക് കുറയ്ക്കാൻ ആലോചിക്കുന്നുണ്ടോ; | (ഡി) | ഒരു കാലത്ത് ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ വരുത്തിയിരുന്ന കഷ്ടനഷ്ടങ്ങൾ വളരെവലുതായിരുന്നു. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകച്ചവടക്കാർ എന്നിങ്ങനെയുള്ള വർക്കിടയിലായിരുന്നു കൊള്ളപ്പലിശക്കാർ പ്രധാനമായും പ്രവർത്തിച്ചിരുന്നത്. സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രാസ്ഥാനം എന്ന നിലയിൽ സഹകരണ പ്രസ്ഥാനത്തിന് ഈ ആപൽഘട്ടത്തിൽ ജനങ്ങളുടെ പ്രശ്നങ്ങളോട് മുഖം തിരിക്കാനായില്ല. വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ വായ്പ എടുക്കുന്നതിന് വിമുഖത പുലർത്തുന്നവരുടേയും കൊള്ളപ്പലിശക്കാരിൽ നിന്നും വായ്പയെടുത്ത് കടക്കെണിയിലായവരുടേയും വീട്ടുമുറ്റത്ത് ചെന്ന് ലളിതമായ നടപടി ക്രമങ്ങളിലൂടെ ഏറ്റവും കുറഞ്ഞ പലിശയ്ക്ക് ലഘുവായ്പ നൽകുകയും ആഴ്ചതോറും ലഘുവായ തിരിച്ചടവിലൂടെ വായ്പതുക ഈടാക്കുകയും ചെയ്യുന്ന പദ്ധതിയാണ് മുറ്റത്തെമുല്ല വായ്പപദ്ധതി. |
| (ഇ) | മുറ്റത്തെ മുല്ല പദ്ധതി ആവിഷ്കരിച്ചത് വഴി സംസ്ഥാനത്ത് ബ്ലേഡ് മാഫിയയുടെ പീഡനം മൂലമുള്ള ആത്മഹത്യകൾ കുറഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | ഒരു കാലത്ത് ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ വരുത്തിയിരുന്ന കഷ്ടനഷ്ടങ്ങൾ വളരെവലുതായിരുന്നു. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകച്ചവടക്കാർ എന്നിങ്ങനെയുള്ള വർക്കിടയിലായിരുന്നു കൊള്ളപ്പലിശക്കാർ പ്രധാനമായും പ്രവർത്തിച്ചിരുന്നത്. സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രാസ്ഥാനം എന്ന നിലയിൽ സഹകരണ പ്രസ്ഥാനത്തിന് ഈ ആപൽഘട്ടത്തിൽ ജനങ്ങളുടെ പ്രശ്നങ്ങളോട് മുഖം |

| | | | |
|---|---|---|---|
| | | | തിരിക്കാനായില്ല. വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ വായ്പ എടുക്കുന്നതിന് വിമുഖത പുലർത്തുന്നവരുടേയും കൊള്ളപ്പലിശക്കാരിൽ നിന്നും വായ്പയെടുത്ത് കടക്കെണിയിലായവരുടേയും വീട്ടുമുറ്റത്ത് ചെന്ന് ലളിതമായ നടപടി ക്രമങ്ങളിലൂടെ ഏറ്റവും കുറഞ്ഞ പലിശയ്ക്ക് ലഘുവായ്പ നൽകുകയും ആഴ്ചതോറും ലഘുവായ തിരിച്ചടവിലൂടെ വായ്പതുക ഈടാക്കുകയും ചെയ്യുന്ന പദ്ധതിയാണ് മുറ്റത്തെമുല്ല വായ്പപദ്ധതി. |

സെക്ഷൻ ഓഫീസർ